# സമഗ്ര ശിക്ഷാ കേരളം

## വാർഷിക മൂല്യനിർണ്ണയം 2022-23

ക്ലാസ് : 2 — ഉദ്ഗ്രഥനം - മൂന്നാം ദിവസം

പേര്: ........................................................ സ്കൂൾ:........................................................

**പ്രവർത്തനം. 10** — **യാത്ര പോകാം** — നിലവാരസൂചിക [ ]



കുഞ്ഞനാനയ്ക്കും കുട്ടനുറുമ്പിനും ഉല്ലാസയാത്ര പോകാൻ മോഹം.

"നാളെ രാവിലെ നീലിമലക്കാട്ടിൽ പോകാം."

അവർ തീരുമാനിച്ചു.

കുഞ്ഞൻ അമ്മയുടെ അടുത്തെത്തി.

സംഭാഷണം പൂർത്തിയാക്കാം.

കുഞ്ഞൻ : അമ്മേ, ഞാൻ ഒരു ഉല്ലാസയാത്ര പൊയ്ക്കോട്ടെ?

അമ്മ : എവിടേക്ക്?

കുഞ്ഞൻ : ........................................................................................................

അമ്മ : ........................................................................................................

കുഞ്ഞൻ : ........................................................................................................

അമ്മ : ........................................................................................................

കുഞ്ഞൻ : ........................................................................................................

**പ്രവർത്തനം. 11** — **ഹായ്! ഞാവൽപ്പഴം** — നിലവാരസൂചിക [ ]

കുഞ്ഞനാനയും കുട്ടനുറുമ്പും കാട്ടിലെത്തി. വലിയൊരു ഞാവൽമരം. മരത്തിൽ നിറയെ പഴങ്ങൾ. താഴെവീണ പഴങ്ങൾ കുഞ്ഞനാന പെറുക്കിക്കൂട്ടി. ആകെ 79 പഴങ്ങൾ. പഴത്തിന്റെ എണ്ണം എങ്ങനെയൊക്കെ എഴുതാം?



പ്രവർത്തനം. 12 പാട്ടു പാടാം കൂട്ടങ്ങളാക്കാം നിലവാരസൂചിക

ഞാവൽപ്പഴം തിന്നാൻ കാട്ടിലെ മറ്റു ജീവികളുമെത്തി.

ആരൊക്കെയാണെന്ന് നോക്കൂ.



| ഞാവൽപ്പഴം തിന്നാൻ വന്നവർ |
| --- |
| |

എല്ലാവരും ഞാവൽപ്പഴം തിന്നു.
അവർ പാടി കളിക്കാൻ തുടങ്ങി.

പറന്നു വന്നവർ നമ്മൾ
ലാലാലാലാ ലാലാലാ
നടന്നു വന്നവർ നമ്മൾ
ലാലാലാലാ ലാലാലാ
നീന്തി വന്നവർ നമ്മൾ
ലാലാലാലാ ലാലാലാ
ചാടി വന്നവർ നമ്മൾ
ലാലാലാലാ ലാലാലാ

## [illegible] കൂട്ടങ്ങളാക്കാം

| | | | |
|---|---|---|---|
| .................................... | .................................... | .................................... | .................................... |
| | | | |

**പ്രവർത്തനം. 13** **വായിക്കാം എഴുതാം** നിലവാരസൂചിക ☐

**വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.**

കുഞ്ഞനാനയും കുട്ടനുറുമ്പും നീലിമലക്കാട്ടിലേക്ക് പോയി. പുഴയും മലയും കടന്ന് അവർ നീലിമലക്കാട്ടിലെ ഞാവൽമരച്ചുവട്ടിലെത്തി.



വല്ലാത്ത വിശപ്പും ദാഹവും. അവർ പുഴയിൽ നിന്നും വെള്ളം കുടിച്ചു. കുഞ്ഞനാന തുമ്പിക്കൈകൊണ്ട് ഞാവൽ മരം കുലുക്കി. പഴുത്ത ഞാവൽപ്പഴങ്ങൾ ചിതറി വീണു. ഞാവൽപ്പഴങ്ങൾ പെറുക്കാൻ കാട്ടിലെ മറ്റു ജീവികളുമെത്തി. എല്ലാവരും ഞാവൽപ്പഴങ്ങൾ കഴിച്ചു. വയറ് നിറഞ്ഞപ്പോൾ എല്ലാവരും പാട്ട് പാടിക്കളിച്ചു.

1. ആരൊക്കെയാണ് നീലിമലക്കാട്ടിലേക്ക് പോയത്?

2. വിശന്നപ്പോൾ അവർ എന്താണ് ചെയ്തത്?

3. ആരാണ് ഞാവൽമരം കുലുക്കിയത്?

4. ആരൊക്കെയാണ് ഞാവൽപ്പഴങ്ങൾ പെറുക്കാൻ എത്തിയത്?

5. വയറ് നിറഞ്ഞപ്പോൾ എല്ലാ ജീവികളും എന്താണ് ചെയ്തത്?

**പ്രവർത്തനം. 14 കൂട്ടങ്ങളാക്കാം** നിലവാരസൂചിക

കാട്ടിൽ നിന്ന് കുഞ്ഞന് അത്തിപ്പഴവും ഞാവൽപ്പഴവും വാഴപ്പഴവും കിട്ടി. അവൻ അത് കൂട്ടങ്ങളാക്കി വച്ചു. ഓരോ പഴവും എത്ര എണ്ണം വീതമെന്ന് കണ്ടെത്തി എഴുതൂ.

| പഴങ്ങൾ | ഒരു കൂട്ടത്തിലെ എണ്ണം | കൂട്ടങ്ങൾ | ആകെ |
|---|---|---|---|
| അത്തിപ്പഴം | 5 | 2 | 5 X 2 = |
| ഞാവൽപ്പഴം | 6 | 10 | |
| വാഴപ്പഴം | 4 | 5 | |

- കൂടുതൽ കിട്ടിയ പഴം ഏത്? എത്ര?

- കുഞ്ഞൻ ഒരു അത്തിപ്പഴം 2 രൂപ വച്ചു വിറ്റു.
  കുഞ്ഞന് ആകെ എത്ര രൂപ കിട്ടി?